എടച്ചേരി പി.എച്ച്.സി.ക്ക് ചുറ്റുമതിൽ കെട്ടാൻ നടപടി

166 (3120) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജക മണ്ഡലത്തിലുള്ള എടച്ചേരി പ്രൈമറി ഹെൽത്ത് സെന്ററിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷ എന്നാണ് സർക്കാരിന് ലഭിച്ചത് ;

(സി) പ്രസ്തുത വിഷയത്തിൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

(സി) ബാധകമല്ല.

മഴുവന്നൂർ (ഐരാപുരം) പി.എച്ച്.സി.യിലെ സൗകര്യങ്ങൾ സംബന്ധിച്ച്

167 (3121) ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഴുവന്നൂർ പഞ്ചായത്തിലെ ഐരാപുരത്ത് സ്ഥിതി ചെയ്യുന്ന പി.എച്ച്.സി.യിൽ എത്ര പേരെ കിടത്തി ചികിത്സിക്കാനുള്ള സ്ഥലസൗകര്യങ്ങളുണ്ട് എന്നും കിടത്തി ചികിത്സിക്കാൻ ഉള്ള അനുമതി എന്ന് നൽകിയെന്നും വ്യക്തമാക്കാമോ ;

(ബി) എല്ലാ സൗകര്യങ്ങളുമുള്ള ഈ പി.എച്ച്.സി.യിൽ എന്നു മുതൽ കിടത്തി ചികിത്സ പുനഃരംഭിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) ഇവിടെ ദൈനംദിനം എത്ര ഔട്ട് പേഷ്യൻസ് വരുന്നുണ്ട്. അവർക്കാവശ്യത്തിന് നൽകാൻ മരുന്നും മറ്റ് സാമഗ്രികളും ഉണ്ടോ ; ഈ പി.എച്ച്.സി.യിൽ മരുന്ന് അലോട്ട്മെന്റ് വർദ്ധിപ്പിക്കാനും ഇവിടെ ഒരു ലബോറട്ടറി സ്ഥാപിക്കുവാനും അടിയന്തിര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 10 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങളുണ്ട്. 11-8-1972-ലെ ജി.ഒ.(എം.എസ്.)172/72/എച്ച്.ഡി. പ്രകാരമാണ് അനുമതി നൽകിയത്.

(ബി) ഈ പി.എച്ച്.സി.യിൽ കിടത്തി ചികിത്സ നടത്തുവാൻ ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. കൂടാതെ വാർഡിന്റെ അറ്റകുറ്റപ്പണികൾ നടന്നുവരുന്നു. തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്കും വാർഡിന്റെ അറ്റകുറ്റപ്പണികൾ തീരുന്ന മുറയ്ക്കും ഇക്കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly